# മനോരമ പ്രാദേശികം

പറയാനുണ്ട്

## നടപ്പാത വിട്ടു തരൂ


കാൽനട യാത്ര മൗലികാവകാശമാണെന്ന് സുപ്രീം കോടതി വിധി ഉണ്ടായിട്ടും കയ്യേറ്റം ഒഴിപ്പിക്കാൻ പൊലീസും തദ്ദേശ സ്ഥാപനങ്ങളും തയാറാകാത്തത് കോടതിയലക്ഷ്യമാണ്. ബാലുശ്ശേരി ടൗണിൽ പല ഭാഗങ്ങളിലും നടപ്പാത കയ്യേറിയാണു വാഹനങ്ങൾ നിർത്തുന്നതും കച്ചവടങ്ങൾ ചെയ്യുന്നതും. കാൽനടയാത്രക്കാരുടെ അവകാശം സംരക്ഷിക്കണം.

**ടി.പി.ബാബുരാജ് (പൊതുപ്രവർത്തകൻ, ബാലുശ്ശേരി)**

## ബൈപാസ് വരണം

സംസ്ഥാനപാതയിൽ മുക്കം-അഗസ്ത്യൻമുഴി റോഡിലെ രൂക്ഷമായ ഗതാഗതക്കുരുക്കിനു പരിഹാരം വേണം. യാത്രക്കാരും വാഹനങ്ങളും ദുരിതം പേറുകയാണ്. ബൈപാസ് റോഡ് നിർമിക്കുന്നത് ആലോചിക്കണം.

**നിഷാബ് മുല്ലോളി, മുക്കം**



## ജില്ലാ ആസൂത്രണ സമിതി: 9 പേരെ തിരഞ്ഞെടുത്തു

**കോഴിക്കോട്** ● ജില്ലാ ആസൂത്രണ സമിതിയിലേക്ക് ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്ന് 9 പേരെ എതിരില്ലാതെ തിരഞ്ഞെടുത്തു.

എൽഡിഎഫിൽ നിന്ന് അഞ്ച്, യുഡിഎഫിൽ നിന്ന് നാല് എന്നിങ്ങനെയാണ് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം.

കെ.സുബിന (സിപിഐഎം), ബാബു കപ്പറത്തുകണ്ടി (സിപിഐഎം), സി.എം.യശോദ (സിപിഐഎം), കെ.കെ.ദിനേശൻ (സിപിഐഎം), അഞ്ജിത ഷനൂബ് (സിപിഐഎം), പി.സി.ഷീബ (കോൺ), സീന അശോകൻ (കോൺ), രാജേഷ് ജോസ് (കോൺ), കെ.കെ.നവാസ് (മുസ്‌ലിം ലീഗ്) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ് ആസൂത്രണ സമിതി അധ്യക്ഷ.

ഇതിലേക്ക് കോർപറേഷൻ, മുനിസിപ്പാലിറ്റിയിൽ നിന്നുള്ള അംഗങ്ങളെ ഇന്നു തിരഞ്ഞെടുക്കും.

# സ്പെഷൽ അരി എത്തി; 2 ദിവസത്തിനകം വിതരണം

▶▶ മഞ്ഞക്കാർഡുകാർക്കുള്ള ഓണക്കിറ്റും നൽകും



**കോഴിക്കോട്** ● ഓണത്തോട് അനുബന്ധിച്ച് സർക്കാർ പ്രഖ്യാപിച്ച, റേഷൻ കടകൾ വഴിയുള്ള ഓണക്കിറ്റിന്റെയും സ്പെഷൽ അരിയുടെയും വിതരണം 2 ദിവസത്തിനകം പൂർണ തോതിൽ ആരംഭിക്കുമെന്നു ജില്ലാ സപ്ലൈ ഓഫിസ് അധികൃതർ. മഞ്ഞ കാർഡ് ഉടമകൾക്കുള്ള ഓണക്കിറ്റും മറ്റു കാർഡ് ഉടമകൾക്കു പ്രത്യേക നിരക്കിൽ സ്പെഷൽ അരിയും കഴിഞ്ഞ 10 നു ശേഷം വിതരണം ആരംഭിക്കുമെന്നാണു പൊതു ഭക്ഷ്യ വിതരണ വകുപ്പ് അധികൃതർ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ കിറ്റും അരിയും എത്തിയില്ല, അന്വേഷിച്ചെത്തുന്ന റേഷൻ കാർഡ് ഉടമകളോടു മറുപടി പറഞ്ഞു റേഷൻ കട നടത്തിപ്പുകാരും വലഞ്ഞു.

റേഷൻ കടകൾ വഴി വിതരണം ചെയ്യാനുള്ള സ്പെഷൽ അരി ആന്ധ്ര കാക്കിനടയിൽ നിന്നാണു വരുന്നത്.

അത് എത്താൻ വൈകിയെന്നു സപ്ലൈ ഓഫിസ് അധികൃതർ പറഞ്ഞു.

ഇപ്പോൾ വാഗൺ എത്തിയിട്ടുണ്ട്. അത് ഉടൻ റേഷൻ കടകളിൽ എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2 ദിവസത്തിനകം ജില്ലയിലെ മുഴുവൻ റേഷൻ കടകളിലും സ്പെഷൽ അരി എത്തിക്കാനാണു ശ്രമം.

മഞ്ഞ കാർഡ് ഉടമകൾക്കുള്ള കിറ്റ് സപ്ലൈകോ ആണു തയാറാക്കുന്നത്.

അതു റേഷൻ കടകൾ വഴി വിതരണം ചെയ്യുകയാണ്. കിറ്റിലേക്ക് ആവശ്യമായ ഒന്നു രണ്ടു സാധനങ്ങളുടെ ലഭ്യതക്കുറവും കിറ്റ് തയാറാക്കുന്നതിലെ താമസവുമാണു വിതരണം വൈകാൻ കാരണം.

അതും പരിഹരിച്ചിട്ടുണ്ട്. 2 ദിവസത്തിനകം റേഷൻ കടകളിൽ കിറ്റ് വിതരണം പൂർണ തോതിലാകും.



ഉൽപന്നങ്ങൾ വാങ്ങാൻ ആവശ്യക്കാർ എത്തുമെന്ന പ്രതീക്ഷയിൽ കഴിയുന്ന വെള്ളനൂർ നടുവത്തുതാഴത്തെ പാരമ്പരാഗത കളിമൺപാത്രനിർമാണ കുടുംബത്തിലെ അംഗമായ കൊല്ലറമ്പത്ത് മേത്തൽ നാരായണി. *ചിത്രം: മനോരമ*

# ഓണമെത്തി; ഹാപ്പിയാക്കാം, ഈ തൊഴിലാളികളെയും

▶▶ മൺപാത്രങ്ങൾക്ക് പഴയ ഡിമാൻഡില്ലെന്ന് മേഖലയിലുള്ളവർ




**കോഴിക്കോട്** ● ചിങ്ങപ്പിറവിയിൽ കോടിയുടുത്ത് പുതിയ മൺകലത്തിൽ ഭക്ഷണം ഉണ്ടാക്കി കഴിച്ചാൽ ഐശ്വര്യം വരുമെന്ന വിശ്വാസമുണ്ട്. ഓണവിപണി ചൂടുപിടിക്കുമ്പോൾ ജില്ലയുടെ വഴിയോരങ്ങളിൽ കളിമൺ പാത്ര വ്യാപാരികളുടെ തിരക്കാണ്. ചട്ടിയും കലവും മുതൽ ഫ്രൈ പാനും കൂജയും പത്തിരി-അപ്പച്ചട്ടികളുമെല്ലാമായി വിവിധയിനം പാത്രങ്ങളും അലങ്കാര വസ്തുക്കളും കളിമണ്ണിൽ തീർത്ത് നിരത്തുകളിൽ നിരത്തി വച്ചിട്ടുണ്ട്. ജില്ലയുടെ പുറത്തു നിന്നുള്ള കച്ചവടക്കാരാണ് അധികവും.

പാലക്കാടു നിന്നാണ് കളിമൺ പാത്രങ്ങൾ എത്തുന്നത്. ചട്ടികൾക്ക് 110-120 രൂപയും കലങ്ങൾക്ക് ചെറുതിന് 160-170 രൂപ മുതൽ, വലുതിന് 300 രൂപ എന്നിങ്ങനെയാണ് ശരാശരി വില. ജില്ലയിലെ വിവിധ ഭാഗങ്ങളിലും കളിമൺ പാത്രങ്ങൾ നിർമിക്കുന്നുണ്ട്.

പണ്ടു കാലത്തെ അപേക്ഷിച്ച് ഇവയുണ്ടാക്കുന്നവരുടെ എണ്ണം കുറഞ്ഞെങ്കിലും പാരമ്പര്യമായി കിട്ടിയ തൊഴിൽ കൈവിടാതെ നോക്കുന്നവരുമുണ്ട്. വയനാട് മേപ്പാടി, നിലമ്പൂർ എടവണ്ണ ഭാഗങ്ങളിൽ നിന്നാണ് കളിമൺ നിർമാണത്തിന് മണ്ണ് എത്തുന്നത്. 12000 രൂപ മുതലാണ് ഒരു ലോഡ് കളിമണ്ണിന്റെ വില.

ഓണവിപണി ചൂടുപിടിച്ചിട്ടും സ്ഥിരമായി കളിമൺപാത്രങ്ങൾ വാങ്ങുന്ന വ്യാപാരികൾക്ക് പാത്രങ്ങൾ വേണ്ടാത്ത അവസ്ഥയാണെന്നാണ് തദ്ദേശീയരായ നിർമാതാക്കൾ പറയുന്നത്. വീടുകളിൽ കൊണ്ടുപോയി വിൽക്കുന്ന രീതിയും അവസാനിച്ചതോടെ ഇവരുടെ ഓണക്കാലത്തെ വിൽപനയും കുറവാണ്. സ്ഥിരമായി പാത്രങ്ങൾ വിൽപനയ്ക്കു വച്ചിരുന്ന കടകളിൽ പലതിലും വിറ്റു പോകാത്തതിനാൽ ഓണത്തിനായി ഉണ്ടാക്കിയ പാത്രങ്ങളെല്ലാം വീട്ടിൽ കൂട്ടിവച്ച നിലയിലാണെന്ന് കളിമൺപാത്ര നിർമാതാവായ വെള്ളനൂർ നടുവത്തുതാഴം കൊല്ലറമ്പത്ത് മേത്തൽ കൃഷ്ണൻ പറയുന്നു.

പരമ്പരാഗത കളിമൺ പാത്ര നിർമാണ കുടുംബത്തിലെ അംഗമാണ് കൃഷ്ണൻ. അമ്മ നാരായണിയും (85) കൃഷ്ണനെ സഹായിക്കുന്നുണ്ട്.



മാരിടൈം ബോർഡിന്റെ കീഴിലുള്ള സിഗ്നൽ കേന്ദ്രം.

# വ്യക്തിക്കു കൈമാറിയ മാരിടൈം കെട്ടിടത്തിൽ അനധികൃത നിർമാണമെന്നു പരാതി

▶▶ കോർപറേഷൻ വിശദീകരണം തേടി

**കോഴിക്കോട്** ● മാരിടൈം ബോർഡിന്റെ കീഴിലുള്ള സിഗ്നൽ കേന്ദ്രവും സ്വകാര്യ വ്യക്തിക്കു കൈമാറി.

ഇവിടെ നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ അനധികൃതമാണെന്നു പരാതി ഉയർന്നതിനെ തുടർന്നു കോർപറേഷൻ വിശദീകരണം തേടി.

കോഴിക്കോട് കടപ്പുറത്തോടു ചേർന്നു തുറമുഖ വകുപ്പിന്റെ കീഴിലുള്ള വിവിധ കെട്ടിടങ്ങൾ കഴിഞ്ഞ മാരിടൈം ബോർഡിന്റെ കാലത്ത് സ്വകാര്യ വ്യക്തികൾക്കു കൈമാറിയിരുന്നു. സമാന മാതൃകയിലാണ് ഈ കെട്ടിടവും കൈമാറിയത്. മുൻപ് കപ്പലുകൾക്കും വഞ്ചികൾക്കും ദിശയും സന്ദേശവും നൽകാനും കടൽത്തീരത്തെ സുരക്ഷാ നിരീക്ഷണത്തിനുമായാണ് ഈ സ്റ്റേഷൻ പ്രവർത്തിച്ചിരുന്നത്. ഈ കെട്ടിടമാണ് കഴിഞ്ഞ വർഷം മാരിടൈം ബോർഡ് സ്വകാര്യ വ്യക്തിക്കു കൈമാറിയത്.

5 വർഷത്തേക്ക് പ്രതിമാസം 1.30 ലക്ഷം രൂപ വാടകയ്ക്കാണു കെട്ടിടം കൈമാറിയത്. ആവശ്യമെങ്കിൽ 5 വർഷത്തിനു ശേഷം അനുമതി നീട്ടാമെന്നും വ്യവസ്ഥയുണ്ട്.

തീരത്തോട് ചേർന്നു നിൽക്കുന്ന ഈ കെട്ടിടത്തിൽ തീരദേശ പരിപാലന നിയന്ത്രണ നിയമം നിലനിൽക്കെ ചട്ടം ലംഘിച്ച് നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് പരാതി ഉയർന്നിട്ടുണ്ട്. തുടർന്നാണു കോർപറേഷൻ കെട്ടിടം ഏറ്റെടുത്തവരോട് വിശദീകരണം തേടിയത്.

അതേസമയം ടെൻഡറിൽ ഏറ്റവും ഉയർന്ന തുക ക്വോട്ട് ചെയ്താണ് കെട്ടിടം നടത്തിപ്പിന് ഏറ്റെടുത്തതെന്ന് ഇതുമായി ബന്ധപ്പെട്ടവർ അറിയിച്ചു.

കെട്ടിടത്തിന്റെ നിലവിലുള്ള തറ വിസ്തീർണം മാറ്റാതെയാണു പ്രവൃത്തി നടത്തുന്നത്. കെട്ടിടത്തിന്റെ സ്ലാബ് അടക്കം തകർച്ചയിലാണ്.

അപകട ഭീഷണി ഒഴിവാക്കാനായി തീരദേശ നിയന്ത്രണ പരിപാലന നിയമത്തിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള അറ്റകുറ്റപ്പണികൾ മാത്രമാണു നടത്തുന്നത് എന്നുമാണ് ഇവരുടെ വിശദീകരണം.

# മേളകളുമായി കുടുംബശ്രീ; ഓണസദ്യയും ബുക്ക് ചെയ്യാം



**കോഴിക്കോട്** ● ഓണാഘോഷങ്ങൾക്ക് മുന്നോടിയായി കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ഓണവിപണന മേളകൾ സജീവമായി. ജില്ലാതല മേളയുടെ ഉദ്ഘാടനം 20ന് രാവിലെ 10.30ന് ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ മന്ത്രി കെ.എം.ഷാജി നിർവഹിക്കും. ഭക്ഷ്യോൽപന്നങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, കരകൗശല വസ്തുക്കളും ജോയിൻഡ് ലയബിലിറ്റി ഗ്രൂപ്പ് അംഗങ്ങളുടെ കാർഷിക ഉൽപന്നങ്ങളും മേളയിലെത്തും.

പൂക്കളും പൂക്കൃഷി ഉൽപന്നങ്ങളും കുടുംബശ്രീയുടെ നേതൃത്വത്തിൽ വിപണിയിൽ എത്തിക്കുന്നുണ്ട്. ഇതിനായി കുടുംബശ്രീ അംഗങ്ങൾ നടത്തിയ പൂക്കൃഷിയുടെ വിളവെടുപ്പ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നടന്നു.

ഓണസദ്യയ്ക്കുള്ള ഓർഡറുകളും കുടുംബശ്രീ യൂണിറ്റുകൾ സ്വീകരിക്കും. വിവിധ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും കുടുംബങ്ങൾക്കും ഓണസദ്യയും മറ്റു ഓണക്കാല വിഭവങ്ങളും കുടുംബശ്രീ യൂണിറ്റുകൾ വഴി ലഭ്യമാക്കും.

# സ്ത്രീ ജീവനക്കാർക്കുള്ള ആഭ്യന്തര കമ്മിറ്റികൾ രൂപീകരിക്കണം: വനിതാ കമ്മിഷൻ

**കോഴിക്കോട്** ● തൊഴിലിടങ്ങളിൽ സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള ആഭ്യന്തര കമ്മിറ്റികളുടെ രൂപീകരണം ഇതുവരെ പൂർണമായില്ലെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ പി.സതീദേവി. വനിതാ കമ്മിഷൻ സിറ്റിങ്ങിനു ശേഷം സംസാരിക്കുകയായിരുന്നു അവർ. പത്തിൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിർബന്ധമായും കമ്മിറ്റി രൂപീകരിക്കണം.

എന്നാൽ സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബാങ്കുകൾ എന്നിവിടങ്ങളിലെല്ലാം ഇനിയും ഒട്ടേറെ കമ്മിറ്റികൾ രൂപീകരിക്കാൻ ബാക്കിയുണ്ട്.

മുതിർന്ന വനിതാ ഉദ്യോഗസ്ഥയ്ക്കു ചുമതല നൽകി ഇക്കാര്യം സ്ഥാപനത്തിൽ പ്രദർശിപ്പിക്കണം.

വനിതാ കമ്മിഷൻ സിറ്റിങ്ങിൽ 41 പരാതികൾ പരിഗണിച്ചു. ഇതിലധികവും ഗാർഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. തൊഴിലിടങ്ങളിലെ പ്രശ്നങ്ങളും വർധിച്ചിട്ടുണ്ട്. 9 പരാതികളിൽ കമ്മിഷൻ പൊലീസ് റിപ്പോർട്ട് തേടി.

സ്വന്തം വീട് അറ്റകുറ്റപ്പണി നടത്താൻ ഭർത്താവ് മരിച്ച വയോധികയായ സ്ത്രീയെ ബന്ധുക്കളിൽ ചിലർ അനുവദിക്കുന്നില്ലെന്ന പരാതിയിൽ തദ്ദേശ സ്ഥാപനത്തിന്റെ റിപ്പോർട്ട് തേടി. വയോധികരായ അമ്മമാരെ മക്കൾ പരിചരിക്കുന്നില്ലെന്ന പരാതിയും കമ്മിഷനു മുൻപിൽ എത്തി.

കമ്മിഷൻ അംഗം പി.കുഞ്ഞായിഷ, കൗൺസിലർ ഡോ.വി. ആർദ്ര എന്നിവർ പങ്കെടുത്തു.

## കൗൺസലിങ് ഉപയോഗപ്പെടുത്താം

വനിതാ കമ്മിഷന്റെ കോഴിക്കോട് റീജനൽ ഓഫിസിൽ തുടങ്ങിയ സൗജന്യ കൗൺസലിങ് സേവനം വനിതകൾ ഉപയോഗപ്പെടുത്തണമെന്ന് അധ്യക്ഷ പി.സതീദേവി.

തിങ്കൾ, ബുധൻ ദിവസങ്ങളിലാണ് കൗൺസലിങ്. കുടുംബ പ്രശ്നങ്ങൾ, കുട്ടികളുടെ പ്രശ്നങ്ങൾ എന്നിവ അനുഭവിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് കമ്മിഷനെ സമീപിക്കാം.



രാഷ്ട്രീയ ജനതാദൾ ജില്ലാ ക്യാംപ് സംസ്ഥാന സെക്രട്ടറി ജനറൽ വർഗീസ് ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

# ആർജെഡി ജില്ലാ ക്യാംപ് നടത്തി

**പയ്യോളി** ● കോർപറേറ്റുകൾ രാജ്യത്തെ വിഭവങ്ങൾ കൊള്ളയടിക്കുന്നതിനെതിരെ സോഷ്യലിസ്റ്റുകൾ ശക്തമായി പ്രതികരിക്കണമെന്ന് ആർജെഡി സംസ്ഥാന സെക്രട്ടറി ജനറൽ വർഗീസ് ജോർജ് ആവശ്യപ്പെട്ടു. ആർജെഡി ജില്ലാ ക്യാംപ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് എം.കെ.ഭാസ്കരൻ അധ്യക്ഷത വഹിച്ചു.

വി.കുഞ്ഞാലി, എൻ.കെ.വത്സൻ, എൻ.സി. മോയിൻകുട്ടി, ക്യാംപ് ഡയറക്ടർ എം.പി.ശിവാനന്ദൻ, പ്രഭീഷ് ആദിയൂർ, സ്വാഗത സംഘം ചെയർമാൻ രാമചന്ദ്രൻ കുയ്യണ്ടി, ഗണേശൻ കാക്കൂർ എന്നിവർ പ്രസംഗിച്ചു. സംഘടനാ റിപ്പോർട്ട് ജില്ലാ സെക്രട്ടറി ജെ.എൻ.പ്രേം ഭാസിൻ അവതരിപ്പിച്ചു.

ദേശീയ സമിതി അംഗം മനയത്ത് ചന്ദ്രൻ, ജില്ലാ ഭാരവാഹികളായ കെ.എം.ബാബു, എൻ.നാരായണ കിടാവ്, വിൽസൺ പുല്ലുവേലി, ഭാസ്കരൻ കൊഴുക്കല്ലൂർ, എം.കെ.മൊയ്തു, പി.മധു, പി.പി.രാജൻ, ഉമേഷ് അരങ്ങിൽ, കെ.എൻ.അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

# പാറയിൽ തട്ടി തോണി മറിഞ്ഞ് 3 പേർക്ക് പരുക്ക്

**കൊയിലാണ്ടി** ● കടലൂർ വളയിൽ ബീച്ചിൽ നിന്നു മത്സ്യബന്ധനത്തിന് പോയ തോണി കടലിലെ പാറയിൽ തട്ടിമറിഞ്ഞു. ഇന്നലെ പുലർച്ചെ 4.30ന് ആണ് അപകടം.

പട്ടാങ്കണ്ടി അബൂബക്കർ (42), ഹുസൈൻ (38), സുബൈർ (28) എന്നിവർക്ക് പരുക്കേറ്റു. ഹുസൈന് സാരമായ പരുക്കുണ്ട്. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഇദ്ദേഹത്തിന് ശസ്ത്രക്രിയ നടത്തി.

വളയിൽ ബീച്ചിൽ നിന്നു മത്സ്യബന്ധനത്തിന് പോയ മറ്റൊരു സംഘമാണ് മൂന്നുപേരെയും രക്ഷപ്പെടുത്തിയത്.

എൻജിൻ, വല, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയ്ക്കു കേടുപാടു സംഭവിച്ചു.

തോണിയുടെ മുൻ ഭാഗത്തിന് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

മൂടാടി പഞ്ചായത്ത് പ്രസിഡന്റ് എം.പി.അഖില, വാർഡ് മെംബർ റൗസി ബഷീർ, ബ്ലോക്ക് പഞ്ചായത്ത് മെംബർ പി.കെ.മുഹമ്മദലി എന്നിവർ സ്ഥലം സന്ദർശിച്ചു.

മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് അടക്കമുള്ള നഷ്ടപരിഹാരം ഫിഷറീസ് അധികൃതർ ഉറപ്പുനൽകിയതായി പഞ്ചായത്ത് പ്രസിഡന്റ് എം.പി.അഖില പറഞ്ഞു.

## എഫ്എസ്‌സിടിഒ പ്രതിഷേധിച്ചു

**കോഴിക്കോട്** ● ബോണസ് പ്രഖ്യാപനം നിരാശാജനകമെന്ന് ആരോപിച്ച് സർക്കാർ ജീവനക്കാരും അധ്യാപകരും എഫ്എസ്‌സിടിഒയുടെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ പ്രകടനം നടത്തി.

സിവിൽസ്റ്റേഷനിൽ നടന്ന പ്രതിഷേധ പ്രകടനം എൻജിഒ യൂണിയൻ സംസ്ഥാന സെക്രട്ടറി പി.പി.സന്തോഷ് ഉദ്ഘാടനം ചെയ്തു. കെഎസ്ടിഎ സംസ്ഥാന കമ്മിറ്റി അംഗം സജീഷ് നാരായണൻ, എഫ്എസ്ഇടിഒ ജില്ലാ ജോയിന്റ് സെക്രട്ടറി പി.സി .ഷജീഷ് കുമാർ എന്നിവർ പ്രസംഗിച്ചു.



ഓർക്കാട്ടേരിയിൽ പി.കൃഷ്ണപിള്ള അനുസ്മരണ പൊതുയോഗം എസ്എഫ്ഐ ഡൽഹി സംസ്ഥാന സെക്രട്ടറി ഐഷി ഘോഷ് ഉദ്ഘാടനം ചെയ്യുന്നു.

# ശരിയായ പുരോഗതിയുടെ പാത സോഷ്യലിസം: ഐഷി ഘോഷ്

**ഓർക്കാട്ടേരി** ● ശരിയായ പുരോഗതിയുടെ പാത സോഷ്യലിസമാണെന്നും എല്ലാ ജനവിഭാഗങ്ങളെയും സോഷ്യലിസത്തിന്റെ മൂല്യം പഠിപ്പിക്കണമെന്നും എസ്എഫ്ഐ ഡൽഹി സംസ്ഥാന സെക്രട്ടറി ഐഷി ഘോഷ്. പി. കൃഷ്ണപിള്ള ദിനത്തിൽ നടന്ന അനുസ്മരണ പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

ബിജെപിക്കും ആർഎസ്എസിനുമെതിരെ യോജിച്ച പോരാട്ടത്തിന് തയാറാകണമെന്നും ഐഷി ഘോഷ് പറഞ്ഞു. വിദ്യാഭ്യാസ മേഖലയിലെ അഴിമതിക്ക് എതിരെ ഡൽഹിയിൽ നടന്ന സമരത്തെ ഭരണാധികാരികൾ തകർക്കാൻ ശ്രമിച്ചു.

പാറ്റകൾ എന്ന് വിളിച്ചു കളിയാക്കി. ജാതി പറഞ്ഞ് ഭിന്നിപ്പിക്കാൻ ശ്രമിച്ചു. ഒടുവിൽ രാജ്യ വിരുദ്ധർ എന്നു വരെ വിളിച്ചു. രാജ്യത്തിന്റെ ചരിത്രത്തിൽ സമരം കൊണ്ട് കേന്ദ്രമന്ത്രിയെ രാജിവയ്പിക്കാൻ കഴിഞ്ഞു. രാജ്യത്തെ ഭിന്നിപ്പിക്കുന്ന ഭരണകൂടം കേന്ദ്രത്തിൽ അധികാരത്തിൽ തുടരുമ്പോൾ പി.കൃഷ്ണപിള്ളയുടെ ജീവിത മൂല്യങ്ങൾ പഠിപ്പിക്കുന്ന മനുഷ്യത്വം ഉയർത്തിപ്പിടിക്കണമെന്നും ഐഷിഘോഷ് പറഞ്ഞു.

ആർ.ഗോപാലൻ അധ്യക്ഷത വഹിച്ചു. കെ.കെ.ദിനേശൻ, ഏരിയ സെക്രട്ടറി ടി.പി.ബിനീഷ്, പി.രാജൻ, എൻ.ബാലകൃഷ്ണൻ, മനോജ്കുമാർ, ആർ. കെ.സുരേഷ് എന്നിവർ പ്രസംഗിച്ചു.

## അറിയിപ്പ്

### എൽബിഎസിൽ കോഴ്സുകൾ

**കോഴിക്കോട്** ● എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി കോഴിക്കോട് മേഖലാ കേന്ദ്രത്തിൽ പിജി ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിങ്, ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, ഡേറ്റ എൻട്രി ആൻഡ് ഓഫിസ് ഓട്ടമേഷൻ, കംപ്യൂട്ടർ ഹാർഡ്‌വെയർ മെയ്ന്റനൻസ് ആൻഡ് നെറ്റ് വർക്കിങ് എന്നീ കോഴ്സുകളിലേക്ക് ഓൺലൈനായി 22 ന് അകം അപേക്ഷിക്കാം. പട്ടിക ജാതി - വർഗ - ഒഇസി അപേക്ഷകർക്ക് കോഴ്സ് സൗജന്യം. 0495 2720250.

### കംപ്യൂട്ടർ സയൻസ് അധ്യാപക നിയമനം

**കോഴിക്കോട്** ● എരഞ്ഞിപ്പാലം കരുണ സ്പീച്ച് ആൻഡ് ഹിയറിങ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ കംപ്യൂട്ടർ സയൻസ് അധ്യാപക തസ്തികയിലേക്കു താൽക്കാലിക നിയമനം നടത്തുന്നു. സെപ്റ്റംബർ 1 നു രാവിലെ 10ന് എത്തണം. 0495 2369772.

### നാളെ വൈദ്യുതി മുടങ്ങും

● പകൽ 9 - 5: ബാലുശ്ശേരി രാരോത്ത് മുക്ക്. ● 8.30 - 2: ബാലുശ്ശേരി ആര്യൻ കുന്നത്ത്, യൂറോപ്പ്. ● 7- 2: കൊടുവള്ളി മുക്കിലങ്ങാടി, പെരിയാ തോട്, ആറങ്ങോട്, ഒതയോത്ത്, മുത്തമ്പലം, കാവിൽ, വാരിക്കുഴി താഴം, കരീറ്റി പറമ്പ്, നടമ്മൽക്കടവ്, തൃപ്പൊയിൽ, മാനിപുരം, വഴിക്കര, കളരാന്തിരി, കാഞ്ഞിരോട്ട് പാറ, പോറങ്ങോട്ടൂർ, പൂക്കോട്ടിൽ പൊയിൽ അങ്ങാടി.



കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ബിഎംഎസ് ജില്ലാ കമ്മിറ്റി നടത്തിയ ആദായ നികുതി ഓഫിസ് മാർച്ച് സംസ്ഥാന ട്രഷറർ സിബി വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.

# കേന്ദ്ര നയങ്ങൾക്കെതിരെ ബിഎംഎസ് മാർച്ച് നടത്തി

**കോഴിക്കോട്** ● കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ബിഎംഎസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആദായ നികുതി ഓഫിസിലേക്ക് മാർച്ച് നടത്തി. മാർച്ചും ധർണയും സംസ്ഥാന ട്രഷറർ സിബി വർഗീസ് ഉദ്ഘാടനം ചെയ്തു. കേന്ദ്രസർക്കാർ നടപ്പാക്കിയ ലേബർകോഡിലെ തൊഴിലാളി വിരുദ്ധവും മനുഷ്യത്വരഹിതവുമായ വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്നും സംഘടിക്കാനുള്ള തൊഴിലാളികളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന വ്യവസ്ഥകൾ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് സി.പി.രാജേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ടി.എം.പ്രശാന്ത്, സി. ഹരീഷ് കുമാർ, ടി.മനോജ്, ടി.ദിലീപ്, പി.ജയഭാനു, കെ.സുധാകരൻ, ടി.ഗിരീഷ്, ടി.ടി.ഉണ്ണിക്കൃഷ്ണൻ, കെ.വി.സെൽവരാജ് എന്നിവർ പ്രസംഗിച്ചു.

മാർച്ചിന് എ.ശശീന്ദ്രൻ, കെ.പി. പ്രകാശൻ, എടക്കാട്ട് ഷാജി, എൻ.കെ.രാജേഷ്, വിനോദ് ചേളന്നൂർ, വി.പി.സുധീർ, കെ. കെ.പ്രേമൻ, റീന സഹദേവൻ, വി.മിനി, പി.ബിന്ദു എന്നിവർ നേതൃത്വം നൽകി.

## കൃഷ്ണപിള്ള അനുസ്മരണം നാളെ

**കോഴിക്കോട്** ● കേളുഏട്ടൻ പഠനഗവേഷണ കേന്ദ്രം നടത്തുന്ന കൃഷ്ണപിള്ള അനുസ്മരണവും ശിൽപശാലയും നാളെ രാവിലെ 9.30നു പി.എ.മുഹമ്മദ് റിയാസ് എംഎൽഎ ഉദ്ഘാടനം ചെയ്യും. 10.30ന് ‘നിർമിതബുദ്ധി: സാങ്കേതികവിദ്യയും സാമൂഹികതയും’ എന്ന വിഷയത്തിൽ ശിൽപശാല നടക്കും.

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank ...the name you can BANK upon!

**അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്**
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

**സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്**

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ–ലേല വിൽപന നോട്ടീസ്.
താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ലോട്ട് നം. | ശാഖയുടെ പേര് /അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും | വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ) | (എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി |
| --- | --- | --- | --- |
| 1 | ശാഖ: ARMB കോഴിക്കോട് (1) **M/s കെ.എം.എ. കൺസ്ട്രക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്**, ഡോർ നം. 11/405, MSS കൾച്ചറൽ കോംപ്ലക്സ്, ചെറൂട്ടി റോഡ്, കോഴിക്കോട്, പിൻ- 673001, മറ്റൊരു വിലാസം: രണ്ടാം നില, കെ.എം.എ. ടവർ (മോസോൺ റെസ്റ്റോറന്റ് ബിൽഡിംഗ്), ഗോവിന്ദപുരം പി.ഒ.,കോഴിക്കോട്- 637016, (2) **ശ്രീ. കെ. മുഹമ്മദ് അലി**, 2/552 (378), കുളമുള്ളതിൽ, കായക്കൊടി, വടകര, കോഴിക്കോട്- 673508, മറ്റൊരു വിലാസം: ഫ്ളാറ്റ് നം.7A, കോക്സ്‌വെയിൻ- 23 അപ്പാർട്ട്മെന്റ്സ്, കോർപ്പറേഷൻ ഓഫീസിന് സമീപം, ബീച്ച് റോഡ്, കോഴിക്കോട്- 673032 (3) **ശ്രീമതി. സിൽവിയ മുഹമ്മദ് അലി**, 6/728 (833) ഓർക്കിഡ്, ചെറുവണ്ണൂർ, കോഴിക്കോട്, കേരളം- 673655, മറ്റൊരു വിലാസം: ഫ്ളാറ്റ് നം.7A, കോക്സ്‌വെയിൻ- 23 അപ്പാർട്ട്മെന്റ്സ്, കോർപ്പറേഷൻ ഓഫീസിന് സമീപം, ബീച്ച് റോഡ്, കോഴിക്കോട്- 673032, (4) **ശ്രീ.റസൽ ടി. പി**, S/o പരേതയായ അലിയുമ്മ കെ, കുളമുള്ളതിൽ ഹൗസ്, കായക്കൊടി, ദേവർകോവിൽ, കോഴിക്കോട്- 673508 (5) **ശ്രീമതി. വഹീദ കെ**, D/o പരേതയായ ആലിയുമ്മ കെ, കുളമുള്ളതിൽ ഹൗസ്, കായക്കൊടി, ദേവർകോവിൽ, കോഴിക്കോട്- 673508 | കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, കാവിലുംപാറ അംശം & ദേശത്ത്, റീ. സർവേ നം. 149 ൽ പ്പെട്ട പരേതയായ ശ്രീമതി.ആലിയുമ്മ.കെ പേരിലുള്ള 2 ഏക്കർ & 29 സെന്റ് സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **വസ്തു നം.1– 29 സെന്റ്: അതിരുകൾ: കിഴക്ക്:** നിന്റെയും മറ്റും കൈവശം, **തെക്ക്:** PWD റോഡ്, **പടിഞ്ഞാറ്:** ഇടവഴി, **വടക്ക്** തന്നിൽ ശേഷം നമ്മൾ കൈവശം. **വസ്തു നം. 2 –2 ഏക്കർ: അതിരുകൾ: കിഴക്ക്:** മുഹമ്മദ് കൈവശം, **തെക്ക്:** നിനക്ക് തീറുതന്ന സ്ഥലം, **പടിഞ്ഞാറ്:** ഇടവഴി, **വടക്ക്:** നിന്റെ കൈവശം. | (എ) 13(2) - 07-06-2021 (ബി) 31.07.2026ലെ **രൂപ 8,01,32,984/-** യും 01.08.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 24-11-2021 (ഡി) പ്രതീകാത്മക കൈവശം / (എ) കരുതൽ വില: രൂപ 396.00 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 39.60 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം |

**സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല**

**ഇ–ലേല തീയതിയും സമയവും: 08-09-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ**

**നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 07-09-2026**

**വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 05-09-2026**

__ഇ–ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും:__ വിൽപന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ–ലേല വിൽപന ഓൺലൈൻ മുഖാന്തിരം **08-09-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & https://www.pnb.bank.in.** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

**(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ**

**തീയതി: 14-08-2026, സ്ഥലം: കോഴിക്കോട്**